ത്തുകൾക്കും ബന്ധപ്പെട്ട ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർമാർക്കുമാണ്. ഭക്ഷണം പാകം ചെയ്ത് അർഹമായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം വർക്കർക്കും വർക്കറുടെ അഭാവത്തിൽ ഹെൽപ്പർക്കുമാണ്. ആയതിനുണ്ടാകുന്ന ചെലവ് വർക്കർ/ഹെൽപ്പർക്ക് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ വിതരണം ചെയ്യുന്നതാണ്.

തെരുവു കുട്ടികൾക്കായുള്ള പദ്ധതികൾ

53 (2850) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
പി. എസ് സുപാൽ :
പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ തെരുവു കുട്ടികൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്;

(ബി) ഇതിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാം;

(സി) ഇത്തരത്തിലുള്ള എത്ര കുട്ടികൾക്ക് ഇപ്പോൾ ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചുവരുന്നുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) തെരുവുകുട്ടികൾ ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ നിർവ്വചനത്തിൽപ്പെടുന്നതിനാൽ ഇവർക്കുവേണ്ടി ഒബ്സർവേഷൻ ഹോമുകൾ, ജുവനൈൽ ഹോമുകൾ എന്നിവ സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് നടത്തുന്നു. ഇവിടെ കുട്ടികൾക്ക് തൊഴിൽ, വിദ്യാഭ്യാസം നൽകുകയും പുനരധിവാസത്തിന് തൊഴിലധിഷ്ഠിത പരിശീലന സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തുവരുന്നു. കൂടാതെ സന്നദ്ധ സംഘടനകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഇവരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള 50 ശതമാനം ധനസഹായം കേന്ദ്ര സർക്കാർ നൽകിവരുന്നു. കൂടാതെ തെരുവു കുട്ടികളുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് നൽകുന്ന ഒരു കേന്ദ്ര പദ്ധതിയും നിലവിലുണ്ട്.

(സി) ഒബ്സർവേഷൻ ഹോമുകളിലും ജുവനൈൽ ഹോമുകളിലുമായി 575 കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ ഉപദേശക സമിതി

54(2851) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സാമൂഹ്യക്ഷേമ ഉപദേശക സമിതി ജീവനക്കാർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് എന്നിവ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നിയമ തടസ്സമെന്താണെന്ന് വിശദമാക്കുമോ;

(സി) ഈ ആനുകൂല്യങ്ങൾക്കാവശ്യമായ തുക കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ടോ;

(ഡി) 1992-ൽ പെൻഷനായ ജീവനക്കാരന് ഗ്രാറ്റുവിറ്റി നൽകാതിരിക്കുകയും 1998-ൽ പെൻഷനായ ജീവനക്കാരന് ആനുകൂല്യങ്ങൾ നൽകുകയും ചെയ്തിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഗ്രാറ്റുവിറ്റി നൽകുവാൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ ലഭ്യമാക്കുമോ എങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(എഫ്) ഈ സമിതിയിലെ ജീവനക്കാർക്ക് എല്ലാവർക്കും പെൻഷൻ ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ ചട്ടങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്. സംസ്ഥാന ബോർഡിലെ ഉദ്യോഗസ്ഥരുടെ ശമ്പളം തുടങ്ങിയ ഭരണ ചെലവ് കേന്ദ്ര ഉപദേശക ബോർഡും സംസ്ഥാന സർക്കാരും 50:50 എന്ന അനുപാതത്തിൽ വഹിക്കാമെന്ന് ധാരണയായിട്ടുണ്ട്. ഈ ജീവനക്കാർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി ,പ്രോവിഡന്റ് ഫണ്ട് എന്നിവ നടപ്പിലാക്കുന്നതിനാവശ്യമായി വരുന്ന ചെലവ് വഹിക്കുന്ന കാര്യത്തെ സംബന്ധിച്ച് കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡും സംസ്ഥാന സർക്കാരും തമ്മിൽ ധാരണയൊന്നും ഉണ്ടായിട്ടില്ല.

(സി) ഇല്ല

(ഡി) 1998-ൽ പെൻഷനായ ജീവനക്കാരന് ആനുകൂല്യങ്ങൾ നൽകാനുള്ള സംസ്ഥാന ബോർഡിന്റെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

(ഇ) ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് നൽകിയിട്ടില്ല.

(എഫ്) അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന ഇക്കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമാണ്;

ഐരാപുരം റബ്ബർ പാർക്ക്

55 ([T]2852) ശ്രീ. എം.പി വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിർദ്ദിഷ്ട ഐരാപുരം റബ്ബർ പാർക്കിന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

T -മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly